പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *350

11.05. 2017 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ ഇ-സർവ്വീസുകൾ

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

" കെ.ദാസൻ

" എസ്.രാജേന്ദ്രൻ

" സി.കെ.ശശീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ | (എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) വൈദ്യുതി മുടക്കം, വൈദ്യുതി ബില്ല് എന്നിവ സംബന്ധിച്ച വിവരങ്ങൾ മൊബൈൽ ഫോണിലേയ്ക്ക് എസ്.എം.എസ്. വഴി അറിയിക്കുന്നതിന് സംവിധാ-നം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) വൈദ്യുതി മുടക്കം, വൈദ്യുതി ബില്ല് എന്നിവ സംബന്ധിച്ച വിവരങ്ങൾ മൊബൈൽ ഫോണിലേയ്ക്ക് എസ്.എം.എസ്. വഴി അറിയിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) വൈദ്യുതി ബിൽ അടയ്ക്കുന്നതിന് മൊബൈൽ വാലറ്റ് സൗകര്യം നിലവില്യ-ണ്ടോ; | (സി)വൈദ്യുതി ബിൽ അടയ്ക്കുന്നതിന് പേ.റ്റി.എം (പേ ത്രൂ മൊബൈൽ), വോഡഫോൺ എം.പെസാ എന്നീ മൊബൈൽ വാലറ്റുകൾ വഴി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) വൈദ്യുതി കണക്ഷന് ഓൺലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടു-ത്തുമോ? | (ഡി)വൈദ്യുതി കണക്ഷന് ഓൺലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോ ടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും, അപേക്ഷകന്റെ ഫോട്ടോയും, മറ്റ രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. പോസ്റ്റ് ആവശ്യമുള്ള സർവ്വീസ് കണക്ഷന് ആപ്ലിക്കേഷൻ ഫീസ് അപേക്ഷ നൽകുമ്പോൾ തന്നെ ഓൺലൈനായി അടയ്ക്കാൻ കഴിയും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷന് വേണ്ട ചെലവും സ്ഥല പരിശോധനയ്ക്ക് ശേഷം ഇ-മെയിൽ വഴിയും, എസ്.എം.എസ് വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി-യുടെ ഏത് സെക്ഷൻ ഓഫീസ് വഴിയും അടയ്ക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ